പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 3121

20-06-2014 ൽ മറുപടിക്ക്

**കോൾ പാക്കേജ് -തൃശ്ശൂർ ജില്ല**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.പി.എ.മാധവൻ | | ശ്രീ.കെ.പി. മോഹനൻ (കൃഷിയും മൃഗ സംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) തൃശ്ശൂർ ജില്ലയിലെ കോൾ പാടങ്ങളുടെ സംരക്ഷണത്തിനും നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുമായി നടപ്പിലാക്കുന്ന കോൾ പാക്കേജ് ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കാമോ ;<br>(ബി) ഇതിന്റെ ഭാഗമായി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പ്രോജക്ടുകൾ ഏതെല്ലാം ;<br>(സി) ഇതിൽ എത്ര പ്രോജക്ടുകൾക്ക് അന്തിമ അംഗീകാരം നൽകിയിട്ടുണ്ടെന്നും ഇതിനായി നീക്കി വെച്ചിരിക്കുന്ന തുകകൾ എത്രയെന്നും അറിയിക്കാമോ;<br>(ഡി) പ്രസ്തുത പ്രോജക്ടുകളുടെ നിർവ്വഹണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാ ക്കാമോ? | (എ) യും (ബി) യും (സി) യും (ഡി) യും | തൃശ്ശൂർ പൊന്നാനി കോൾ മേഖലയുടെ വികസനത്തിനായുള്ള സമഗ്ര കോൾ വികസന പദ്ധതിയുടെ ഭാഗമായി റൂറൽ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് ഫണ്ടിൽ ഉൾപ്പെടുത്തി, അടിസ്ഥാന സൗകര്യ വികസന പദ്ധതികളുടെ ഭാഗമായി, ആദ്യ ഘട്ടത്തിൽ നടപ്പിലാക്കുന്ന 50 പ്രവൃത്തികൾക്കായി 468.20 ലക്ഷം രൂപ ചെലവഴിക്കുകയും 36.84% പണികൾ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്.<br>രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന പെട്ടി-പറ എന്നിവയ്ക്ക് ബദൽ സംവിധാനം ഏർപ്പെടുത്തൽ, പച്ചക്കറി കൃഷി വ്യാപനവുമായി ബന്ധപ്പെട്ട് 201 ഹെക്ടറിൽ പച്ചക്കറി കൃഷി, മൃഗ സംരക്ഷണവുമായി ബന്ധപ്പെട്ട് കന്നുകുട്ടികളെ നൽകുന്നത്, താറാവു വളർത്തലുമായി ബന്ധപ്പെട്ട് 500 എണ്ണം വീതമുള്ള 72 യൂണിറ്റുകൾ വിതരണം ചെയ്യുന്നത് എന്നിവയും കൂടാതെ, കാർഷിക യന്ത്രവൽക്കരണവുമായി ബന്ധപ്പെട്ട് ടെണ്ടർ ക്ഷണിക്കുകയും ഫീൽഡ് തല വിലയിരുത്തൽ നടത്തുകയും ചെയ്തിട്ടുണ്ട്. മത്സ്യകൃഷി വ്യാപനവുമായി ബന്ധപ്പെട്ട് 546 ഹെക്ടറിൽ നഴ്സറിക്കുള്ള ബണ്ട് നിർമ്മാണം നടത്തുകയും 361 ഹെക്ടറിൽ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുകയും ചെയ്തിട്ടുണ്ട്. കോഴി വളർത്തലുമായി ബന്ധപ്പെട്ട് ഇതുവരെയായി 4563 കൃഷിക്കാർക്ക് കോഴിക്കുഞ്ഞുങ്ങളെ വിതരണം നടത്തിയിട്ടുണ്ട്. വിതരണം തുടർന്നുവരുന്നു. 488.5 ഹെക്ടറിൽ ജൈവകൃഷി വ്യാപിപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ